# സീനിയർ സെക്കണ്ടറി
# മലയാളം (343)
# MALAYALAM
## നിർദ്ദിഷ്ട പഠനപ്രവർത്തനം
## Tutor Marked Assignments

പരമാവധി മാർക്ക് : 20
Max Marks : 20

**കുറിപ്പ് :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതേണ്ടതാണ്. ഓരോ ചോദ്യത്തിനും അനുവദിച്ചിട്ടുള്ള മാർക്ക് ചോദ്യത്തോടൊപ്പം കൊടുത്തിരിക്കുന്നു.

(ii) ഉത്തരക്കടലാസിന്റെ ഒന്നാം പുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയനകേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് തുടങ്ങിയവ മുകൾഭാഗത്തായി എഴുതുക

**I. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) മഴുതിന്ന മാമരക്കൊമ്പിൽ തനിച്ചിരുന്നു പാടുന്ന കിളിയുടെയൊപ്പം പ്രകൃതിയും ചേരുന്നു. എങ്ങനെയൊക്കെയാണ് പ്രകൃതി കിളിയുടെ പാട്ടിനൊപ്പം പ്രതികരിച്ചത് ?

(ആധാരം : പാഠം 5) ( 2 മാർക്ക് )

(2) മാധ്യമങ്ങളെ ഫോർത്ത് എസ്റ്റേറ്റ് എന്നു വിളിക്കാൻ കാരണമെന്ത് ?

(ആധാരം : പാഠം 10) ( 2 മാർക്ക് )

**II. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) അമ്മയിൽ നിന്ന് കൂലിയായി ലഭിച്ച വസ്ത്രത്തെക്കുറിച്ച് കൃഷ്ണൻ അനുസ്മരിക്കുന്നതെങ്ങനെ ?

(ആധാരം : പാഠം 1) ( 2 മാർക്ക് )

(2) " ഭാഗ്യവാൻ തന്നെ, മഹാഭാഗ്യവാൻ തന്നെ. ഒരു നൊടിയിടകൊണ്ടു ഇത്ര വലിയ ധനികനായതു ഭാഗ്യവിശേഷം തന്നെ " കഥാന്ത്യത്തിൽ പാക്ഹാമിനെ നോക്കി അധികാരി ഇങ്ങനെ പറഞ്ഞത് എന്തുകൊണ്ട് ?

(ആധാരം : പാഠം 11) ( 2 മാർക്ക് )

**III. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40 - 60 വാക്കിൽ ഉത്തരമെഴുതുക.**

(1) തീവണ്ടിയാപ്പീസിൽ മരണാസന്നനായി കിടക്കുന്ന മനുഷ്യനെക്കണ്ട യാത്രക്കാരുടെ പ്രതികരണം എന്തൊക്കെയായിരുന്നു ?

(ആധാരം : പാഠം 6) ( 2 മാർക്ക് )

(2) ആനക്കു പകരം ആടിനെ മേയ്ക്കാൻ ആരംഭിച്ച നാണുക്കുട്ടിയ്ക്ക് രാത്രിയിൽ നേരിട്ട പ്രതിസന്ധി എന്തായിരുന്നു ?

(ആധാരം : പാഠം 18 ) ( 2 മാർക്ക് )

**IV. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) തകരത്തമ്പുരാനെ കോതോർമ്മൻ നമസ്കരിച്ചത് എന്തിനായിരുന്നു? വിലയിരുത്തുക

(ആധാരം : പാഠം 25 ) ( 4 മാർക്ക് )

(2) "ഒരു മനുഷ്യന് ആറടി മണ്ണേ വേണ്ടൂ' എന്ന ലളിതസത്യം പ്രതിപാദിക്കുന്നതാണ് 'ഒരാൾക്ക് എത്ര ഭൂമിവേണം' എന്ന കഥ"- ഈ അഭിപ്രായം ശരിയോ ? വിശദീകരിക്കുക

(ആധാരം : പാഠം 11) ( 4 മാർക്ക് )

**V. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 100 - 150 വാക്കിൽ ഉത്തരമെഴുതുക.**

(1) 'പൊന്നുരുക്കുകയാണ് പൂച്ചേ' എന്ന കഥയിലെ ഉപേക്ഷിക്കപ്പെടുന്ന അമ്മ മലയാളിയുടെ അവഗണനയ്ക്കു പാത്രമാകുന്ന മലയാളഭാഷ തന്നെയാണോ ? സ്വാഭിപ്രായം രേഖപ്പെടുത്തുക

(ആധാരം : പാഠം 17) ( 4 മാർക്ക് )

(2) 'ക്രൂശിതയായ മനുഷ്യപുത്രി' എന്ന് ഗോവിന്ദൻകുട്ടി കുഞ്ഞാത്തലമ്മയെ വിശേഷിപ്പിച്ചത് എന്തുകൊണ്ടാവാം ?

(ആധാരം : പാഠം 4 ) ( 4 മാർക്ക് )

**VI. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 500 വാക്കിൽ ഉത്തരമെഴുതുക.**

(1) "യുദ്ധം രാജ്യങ്ങളെ മാത്രമല്ല, ശേഷിക്കുന്ന മനുഷ്യരുടെ മനസ്സുകളെയും തകർത്തു കളയുന്നു" - ഈ വിഷയത്തെ അധികരിച്ച് ഒരു റേഡിയോ പ്രഭാഷണം തയ്യാറാക്കുക

(ആധാരം : പാഠം 21 ) ( 6 മാർക്ക് )

(2) 'പരിസ്ഥിതിനാശം ജീവിവർഗ്ഗത്തിന്റെ നാശത്തിനു കാരണമാകുന്നു '- ഈ വിഷയത്തെ ആസ്പദമാക്കി നടക്കുന്ന സെമിനാറിൽ അവതരിപ്പിക്കുവാൻ ഒരു ലഘുപ്രബന്ധം തയ്യാറാക്കുക

(ആധാരം : പാഠം 5) ( 6 മാർക്ക് )